## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 24.11.2023 മുതൽ 29.11.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 47/2023 (94) വെള്ളിയാഴ്ച | തീയ്യതി 24/11/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 25.11.2023 | 26.11.2023 | 27.11.2023 | 28.11.2023 | 29.11.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 5 | 5 | 3 | 3 | 1 |
| ഉയർന്ന താപനില (°C) | 30 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 26 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 4 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 200 | 270 | 270 | 230 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | വിളയിനങ്ങളുടെ മൂപ്പനുസരിച്ച് വിളവെടുപ്പ് ആരംഭിക്കാവുന്നതാണ്. |
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | പരിപാലനം | വരമ്പ് ചെത്തി വൃത്തിയാക്കുകയും കളകളെ നിയന്ത്രിക്കുകയും ചെയ്യുക. ശലഭങ്ങളെ കണ്ടുതുടങ്ങുമ്പോൾ ട്രൈക്കോഗ്രാമ കൈലോണിസ് എന്ന പരാദത്തിൻറെ മുട്ടകാർഡുകൾ (ഒരു ഹെക്ടറിലേക്ക് 5cc കാർഡ്) ഉപയോഗിക്കുക. വിലക്കുകെണികൾ സ്ഥാപിക്കുക. |
| വെള്ളരി വർഗ്ഗ പച്ചക്കറി വിളകൾ | മൃദുരോമ പൂപ്പൽ | അന്തരീക്ഷ ആർദ്രത കൂടുന്നത് മൂലo വെള്ളരിവർഗ പച്ചക്കറികളിൽ മൃദുരോമ പൂപ്പൽ എന്ന കുമിൾ രോഗം കാണാനിടയുണ്ട് . പ്രതിവിധിയായി 2.5 ഗ്രാം മാൻകോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയ്ക്കത്തക്കവിധത്തിൽ കലക്കി തളിക്കുക. |
| ശീതകാല പച്ചക്കറികൾ | നടീൽ | ഒരു മാസം പ്രായമായ തൈകൾ (സെൻറ്റിനു തൊണ്ണൂറു മുതൽ നൂറു തൈകൾ എന്ന നിരക്കിൽ) കൃഷിയിടത്തേക്കു അല്ലെങ്കിൽ ഗ്രോ ബാഗുകളിലേക്കു പറിച്ചു നടാവുന്നതാണ്. സെൻറ്റിനു 100 കി. ഗ്രാം. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം അല്ലെങ്കിൽ കമ്പോസ്റ്റ് അടിവളമായി ചേർക്കാവുന്നതാണ്. നവംബർ മൂന്നാം ആഴ്ചക്കു മുൻപേ പറിച്ചു നടീൽ പൂർത്തിയാക്കുക |

മത്സ്യകൃഷി:- ശക്തമായ മഴ കാരണം മത്സ്യ കുളങ്ങളിലെ ജലനിരപ്പ് ഉയർന്നു വരുന്നതിനാൽ മത്സ്യ കർഷകർ മത്സ്യങ്ങൾ പോകാതിരിക്കാനുള്ള മുൻകരുതൽ എടുക്കേണ്ടതാകുന്നു. കുളങ്ങൾക്കു ചുറ്റും വലകെട്ടി സംരക്ഷണം നൽകാവുന്നതാണ്.